ഖുത്ബ നമ്പര്‍
**03**
**18-01-2013**

بسم الله الرحمن الرحيم O نحمده ونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ്**

**ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ്** ایده الله تعالیٰ بنصره العزیز

**വിവര്‍ത്തനം: എം.നാസര്‍ അഹ്മദ്, എറണാകുളം**



# വഖ്ഫെ നൗ കുട്ടികള്‍ക്ക് മതപഠനം അനിവാര്യം

اِذْ قَالَتِ امْرَاَتُ عِمْرٰنَ رَبِّ اِنِّیْ نَذَرْتُ لَكَ مَا فِیْ بَطْنِیْ مُحَرَّرًا فَتَقَبَّلْ مِنِّیْ ۚ اِنَّكَ اَنْتَ السَّمِیْعُ الْعَلِیْمُ ﴿۳۶﴾

فَلَمَّا بَلَغَ مَعَهُ السَّعْیَ قَالَ یٰبُنَیَّ اِنِّیْۤ اَرٰی فِی الْمَنَامِ اَنِّیْۤ اَذْبَحُكَ فَانْظُرْ مَاذَا تَرٰی ؕ قَالَ یٰۤاَبَتِ افْعَلْ مَا تُؤْمَرُ ۫ سَتَجِدُنِیْۤ اِنْ شَآءَ اللّٰهُ مِنَ الصّٰبِرِیْنَ ﴿۱۰۳﴾

وَلْتَكُنْ مِّنْكُمْ اُمَّةٌ یَّدْعُوْنَ اِلَی الْخَیْرِ وَیَاْمُرُوْنَ بِالْمَعْرُوْفِ وَیَنْهَوْنَ عَنِ الْمُنْكَرِ ؕ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿۱۰۵﴾

وَمَا كَانَ الْمُؤْمِنُوْنَ لِیَنْفِرُوْا كَآفَّةً ؕ فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّیَتَفَقَّهُوْا فِی الدِّیْنِ وَلِیُنْذِرُوْا قَوْمَهُمْ اِذَا رَجَعُوْۤا اِلَیْهِمْ لَعَلَّهُمْ یَحْذَرُوْنَ ﴿۱۲۲﴾

ഈ ആയത്തുകളുടെ തര്‍ജമ ഇപ്രകാരമാണ്.

"ഇംറാന്റെ ഒരു സ്ത്രീ പറഞ്ഞ സന്ദര്‍ഭം ഓര്‍ക്കുക. എന്റെ നാഥാ! എന്റെ വയറ്റിലുള്ളത് ഭൗതികമായ ചുറ്റുപാടില്‍ നിന്നും സ്വതന്ത്രമാക്കികൊണ്ട് നിനക്കുവേണ്ടി ഞാന്‍ നേര്‍ച്ചയാക്കിയിരിക്കുന്നു. അതുകൊണ്ട് നീ എന്നില്‍ നിന്ന് സ്വീകരിക്കേണമേ! എല്ലാം കേള്‍ക്കുന്നവനും എല്ലാം അറിയുന്നവനും നീ തന്നെയാണ്." (3:36)

"അങ്ങനെ അവന്‍ അദ്ദേഹത്തിന്റെ കൂടെ പ്രവര്‍ത്തിക്കുന്ന പ്രായമെത്തിയപ്പോള്‍ അദ്ദേഹം പറഞ്ഞു. എന്റെ പ്രിയപ്പെട്ട മകനെ, ഞാന്‍ നിന്നെ അറുക്കുന്നതായി സ്വപ്നത്തില്‍ കാണാറുണ്ട്. അതു കൊണ്ട് ചിന്തിച്ചു നോക്കുക. എന്താണ് നിന്റെ അഭിപ്രായം. അവന്‍ പറഞ്ഞു. എന്റെ പിതാവേ, താങ്കളോട് ആജ്ഞാപിക്കപ്പെടുന്നത് ചെയ്തു കൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നതായാല്‍ സഹനം കൈകൊള്ളുന്നവരില്‍ ഒരുത്തനായി താങ്കള്‍ക്കെന്നെ കാണാം" (37:103)

"നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങള്‍ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാകേണ്ടതാണ്. അവര്‍ തന്നെയാണ് വിജയം പ്രാപിക്കുന്നവര്‍" (3:105)

"എല്ലാവരും ഒന്നടങ്കം പുറപ്പെട്ടുപോകുന്നത് സത്യവിശ്വാസികള്‍ക്ക് സാധ്യമല്ല. എന്നാല്‍ അവരില്‍ ഓരോ വിഭാഗത്തില്‍ നിന്നും ഓരോ സംഘം, മതകാര്യത്തില്‍ നല്ലവണ്ണം അറിവ് സമ്പാദിക്കുന്നതിനും തങ്ങളുടെ ജനങ്ങളിലേക്ക് തിരിച്ചു വന്നാല്‍ അവര്‍ക്ക് സൂക്ഷ്മത കൈകൊള്ളുന്നതിനായി താക്കീത് ചെയ്യുന്നതിനും എന്തു കൊണ്ട് പുറത്തു പോകുന്നില്ല." (അങ്ങനെ അവര്‍ നാശത്തില്‍ നിന്നും രക്ഷപ്പെടട്ടെ.) (9 :122)

ഈ ആയത്തുകള്‍ സൂറാ ആലുഇംറാന്‍, സൂറാ തൗബ, സൂറത്തു സ്വാഫാത്ത് എന്നിവയിലുള്ളതാണ്. ഇവയില്‍ ഒരു മാതാവിന്റെ ആഗ്രഹവും, മതാപിതാക്കള്‍ മക്കള്‍ക്ക് നല്‍കുന്ന നല്ല ശിക്ഷണം, കുട്ടികളിലുള്ള ത്യാഗമനോഭാവ വികാരത്തെ തട്ടി ഉണര്‍ത്തല്‍, അതിനായി അവരെ തയ്യാറാക്കുക, വഖ്ഫെ സിന്ദഗിയുടെ പ്രാധാന്യം, അവരുടെ ജോലി, അതോടൊപ്പം ഇതെല്ലാം ചെയ്യേണ്ടതിന്റെ യഥാര്‍ത്ഥ്യ ലക്ഷ്യമെന്ത് എന്നെല്ലാമാണ് വിവരിച്ചിരിക്കുന്നത്.

ആദ്യത്തെ ആയത്ത് ആലുഇംറാന്‍ എന്ന അദ്ധ്യായത്തില്‍ ഉള്ളതാണ്. അതിലെ 36-ാമത്തെ ആയത്താണിത്. ഒരു മാതാവിന്റെ, തന്റെ കുട്ടിയെ ദീനിസേവനത്തിനായി വഖ്ഫ് ചെയ്യണമെന്ന വികാരമാണ് ഇതില്‍ പരാമര്‍ശിച്ചിട്ടുള്ളത്. അല്ലാഹു ഇതു സ്വീകരിക്കട്ടെ എന്ന് പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നു.

സൂറത്തുല്‍ സ്വാഫാത്തിലെ 103-ാമത്തെ ആയത്താണ് അടുത്തതായി ഞാന്‍ പാരായണം ചെയ്തത്. ഇതില്‍ ഒരു മകനെ അല്ലാഹുവിന്റെ മാര്‍ഗ്ഗത്തില്‍ ബലിയര്‍പ്പിക്കാനായി ഒരു പിതാവ് തയ്യാറാക്കാന്‍ നല്‍കുന്ന ശിക്ഷണം, അതേ പോലെ മകന്‍ അല്ലാഹുവിന് വേണ്ടി ഏതു തരം ബലിക്കും തയ്യാറാകുന്ന വിഷയങ്ങളാണ് പ്രതിപാദിക്കുന്നത്. പിതാവിന്റെ ശിക്ഷണം മകനെ അല്ലാഹുവിന്റെ പ്രീതിയുമായി ബന്ധിപ്പിക്കുകയുണ്ടായി. മകന്‍ പറയുന്നു. ഏതു തരം ബലി നല്‍കുന്നതിനും എപ്പോഴും ഞാന്‍ തയ്യാറായിരിക്കുന്നതായി താങ്കള്‍ എന്നെ കാണുന്നതാണ്. തയ്യാറായിരിക്കുക മാത്രമല്ല, ക്ഷമയുടെയും സ്ഥിരചിത്തതയുടെയും ഉദ്കൃഷ്ട മാതൃക പ്രകടിപ്പിക്കുന്നവനായി കാണുന്നതാണ്.

സൂറാ ആലുഇംറാനിലെ 105-ാമത്തെ ആയത്താണ് അടുത്തതായി ഞാന്‍ പാരായണം ചെയ്തത്. അതില്‍ നന്മകളെ വ്യാപിപ്പിക്കുകയും അത് വ്യാപിപ്പിച്ചു കൊണ്ടേ പോകുകയും തിന്മയെ തടയുകയും ചെയ്യുന്നവരുടെ ഒരു സംഘത്തെ കുറിച്ചാണ് പറയുന്നത്. കാരണം ഈ വിധ കാര്യങ്ങള്‍ അല്ലാഹുവിന്റെ പ്രീതിക്ക് കാരണമായിത്തീരുകയും അങ്ങനെ അതൊരു മനുഷ്യനെ വിജയത്തിലെത്തിക്കുകയും ചെയ്യുന്നു.

അവസാനമായി സൂറ തൗബയിലെ 122-ാം ആയത്താണ് ഞാന്‍ ഓതിക്കേള്‍പ്പിച്ചത്. ഇതില്‍ പറഞ്ഞത് നന്മതിന്മകളെ തിരിച്ചറിയുന്നതിന് മതവിജ്ഞാനം അനിവാര്യമാണെന്നാണ്. മതവിജ്ഞാനം എന്നാല്‍ എന്താണ് ? ഇസ്‌ലാമിക ശരീഅത്താണ്. വിശുദ്ധ ഖുര്‍ആനാണത്. അല്ലാഹു പറയുന്നു. وَرَضِیْتُ لَكُمُ الْاِسْلَامَ دِیْنًا നിങ്ങള്‍ക്കായി മതം എന്ന നിലക്ക് ഞാന്‍ ഇസ്‌ലാമിനെ ഇഷ്ടപ്പെട്ടിരിക്കുന്നു. ചുരുക്കത്തില്‍

അല്ലാഹുവിന്റെ ഇഷ്ടം കരസ്ഥമാക്കാനും വിശുദ്ധ ഖുർആൻ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്.

ഇതെല്ലാം നാം എന്തിനാണ് ചെയ്യുന്നത്? ലോകത്തെ നാശത്തിൽ നിന്നും രക്ഷിക്കുന്നവരായി നിങ്ങൾ മാറണം. മുകളിൽ പ്രസ്താവിച്ച വിഷയത്തിൽ അടങ്ങിയ കടമകൾ നിറവേറ്റുന്നതിനായാണ് ഈ കാലഘട്ടത്തിൽ അല്ലാഹു തഅല ഹ:മസീഹ് മൗഊദ് (അ) മുഖേന അഹ്മദിയ്യാ ജമാഅത്തിനെ സ്ഥാപിച്ചിരിക്കുന്നത്. ഉമ്മമാർ കുട്ടികൾ ജനിക്കുന്നതിന് മുമ്പ് തന്നെ رَبِّ اِنِّیۡ نَذَرۡتُ لَکَ مَا فِیۡ بَطۡنِیۡ مُحَرَّرًا فَتَقَبَّلۡ مِنِّیۡ (അല്ലാഹുവേ എന്റെ ഗർഭാശയത്തിലുള്ളതിനെ ഭൗതിക ചുറ്റുപാടിൽ നിന്നും സ്വതന്ത്രമാക്കിക്കൊണ്ട് നിനക്കായി ഞാൻ സമർപ്പിക്കുന്നു. നീ ഇത് സ്വീകരിക്കേണമേ) എന്ന ദു:ആ ചെയ്തു കൊണ്ട് കുട്ടികളെ സമർപ്പിക്കുന്നത് കാണുന്നത് ഈ ജമാഅത്തിൽ മാത്രമാണ്. നിങ്ങൾ ഇന്ന് ലോകത്തൊന്ന് കണ്ണോടിച്ചു നോക്കൂ. അഹ്മദിയ്യാ ജമാഅത്തിലെ ഉമ്മമാരല്ലാതെ കുട്ടികൾ ജനിക്കുന്നതിനു മുമ്പേ തങ്ങളുടെ മക്കളെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ബലിയർപ്പിക്കാൻ സമർപ്പിക്കുവാനായി പ്രാർത്ഥിക്കുന്നവരെ ലോകത്ത് മറ്റെവിടെയും നിങ്ങൾക്ക് കാണാൻ കഴിയില്ല. ഈ വികാരം ഉൾകൊള്ളുന്നവർ അഹ്മദീ ഉമ്മമാരല്ലാതെ നമുക്ക് കാണാൻ കഴിയില്ല. ഈ ഉമ്മമാർ പാക്കിസ്ഥാനിലുള്ളവരാണെങ്കിലും, ഇന്ത്യയിലുള്ളവരാണെങ്കിലും, ഏഷ്യയിലെ ഏതെങ്കിലും ദേശത്ത് വസിക്കുന്നവരാണെങ്കിലും ആഫ്രിക്കയിലുള്ളവരാണെങ്കിലും യൂറോപ്പ് നിവാസികളാണെങ്കിലും അമേരിക്കയിലോ ആസ്ത്രേലിയയിലോ ദ്വീപുകളിലോ വസിക്കുന്നവരാണെങ്കിലും അവർ ഒരു പ്രത്യേക കാര്യത്തിനായി കാലത്തിന്റെ ഖലീഫയുടെ മുമ്പാകെ തങ്ങളുടെ മക്കളെ സമർപ്പിച്ചു കൊണ്ട് ഞങ്ങളുടെ ഈ സമർപ്പണം അല്ലാഹു സ്വീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നവരാണ്. ഇങ്ങനെ ദുആ ചെയ്യുന്നവർ ലോകത്ത് അഹ്മദീ മതാക്കളെയല്ലാതെ മറ്റാരെയും നമുക്ക് കാണാൻ സാധ്യമല്ല. ഞങ്ങളുടെ അപേക്ഷ കാലത്തിന്റെ ഖലീഫ നിരസിക്കുമോ എന്ന ചിന്തയാണ് അവർക്കുണ്ടാകുക. ഈ ഒരു വികാരം മറ്റെവിടെയും ഉണ്ടാകാനും സാധ്യമല്ല. തിരുനബി (സ) യുടെ പ്രിയ പ്രേമി മുഖേന സ്ഥാപിച്ച ഈ ഒരു ജമാഅത്ത് മാത്രമാണ് ഖിലാഫത്തിന്റെ തണലിൽ കഴിയുന്നത്.

ഇതേപോലെ അഹ്മദിയ്യാ ജമാഅത്തിൽ ഇങ്ങനെയുള്ള പിതാക്കളുമുണ്ട്. അവർ കുട്ടികൾക്ക് നല്ല രീതിയിൽ ശിക്ഷണം നൽകുകയും അങ്ങനെ അവർ യുവത്വത്തിലേക്ക് പ്രവേശിക്കുമ്പോൾ ഏതു തരം ത്യാഗത്തിനും തയ്യാറാകുകയും ചെയ്യുന്നു. ആ കുട്ടികൾ കാലത്തിന്റെ ഖലീഫക്ക് ഇപ്രകാരം എഴുതുന്നു. ആദ്യം എന്റെ മാതാപിതാക്കളാണ് എന്നെ വഖ്ഫ് ചെയ്തതെങ്കിൽ ഇപ്പോൾ ഞാൻ സ്വയം വഖ്ഫ് ചെയ്യുന്നു. എവിടെ വേണമെങ്കിലും ത്യാഗത്തിനായി എന്നെ അയക്കാം. ക്ഷമ കൈകൊള്ളുന്നവരിലും സ്ഥിരചിത്തത പ്രകടിപ്പിക്കുന്നവരിലും എപ്പോഴും എന്നെ താങ്കൾക്ക് കാണാവുന്നതാണ്. മാത്രമല്ല. മാതാപിതാക്കൾ ചെയ്ത പ്രതിജ്ഞയിൽ നിന്നും പിന്നോട്ടടിക്കുന്നവരിൽ എന്നെ ഒരിക്കലും താങ്കൾക്ക് കാണാൻ കഴിയില്ല.

മുസ്‌ലിം ഉമ്മത്തിലെ കൂറുള്ളവരും ആത്മാർഥരുമായ കുട്ടികൾ ഇവരാണ്. തിരുനബി(സ) യുടെ ഉമ്മത്തിൽ ഉൾപ്പെട്ടതു കൊണ്ടുള്ള കടമകൾ നിറവേറ്റുന്നവർ ഇവരാണ്. മാതാപിതാക്കളുടെ തർബിയത്തും കുട്ടിയുടെ സത്പ്രകൃതവും അവർക്ക് സൃഷ്ടാവിനോടുള്ള കടപ്പാടിന്റെ രീതികൾ പഠിപ്പിച്ചു കൊടുക്കുകയുണ്ടായി. അതോടൊപ്പം സൃഷ്ടികളോടുള്ള കടമയുടെ സ്ഥാനവും പഠിപ്പിച്ചു കൊടുക്കുകയുണ്ടായി. അവർക്ക് മതവിജ്ഞാനം കരസ്ഥമാക്കുന്നതിനുള്ള താത്പര്യം ജനിക്കുന്നു. അത് തങ്ങളുടെ ജീവിതത്തിൽ പകർത്താൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇസ്‌ലാമിനെ പ്രചരിപ്പിക്കാനും മാനവരാശിയെ സേവിക്കാനും പ്രത്യേക ആവേശവും താത്പര്യവും അവരിൽ കാണുന്നു.

ജീവനുള്ള സമുദായങ്ങളും പുരോഗതിയിലേക്ക് കുതിക്കുന്ന സംഘടനകളും ഈ ചിന്തകളെയും വികാരങ്ങളെയും ആവേശങ്ങളെയും പ്രതിജ്ഞകളെ പാലിക്കുന്നതിനെയും ഒന്നും ഒരിക്കലും മരിക്കാൻ അനുവദിക്കാറില്ലെന്ന കാര്യം നാം ഓർക്കേണ്ടതാണ്. ഈ വികാരങ്ങളെ ജീവസുറ്റതായി നിലനിർത്തുന്നതിനായി എപ്പോഴും അവ അയവിറക്കികൊണ്ടിരിക്കും. എവിടെയെങ്കിലും അലസതയുണ്ടെങ്കിൽ തന്നെ അത് ദൂരീകരിക്കുന്നതിനായി പ്രവർത്തനരൂപരേഖ ഉണ്ടാക്കുകയും ചെയ്യുന്നു. ഖിലാഫത്തിന്റെ ഉന്നത പദവിയുടെ ജോലി തന്നെ “നീ ഉപദേശിച്ചുകൊണ്ടേയിരിക്കുക” എന്ന ദൈവകൽപന പാലിച്ചു കൊണ്ട് സമയാസമയങ്ങളിൽ ഇവയെല്ലാം ഓർമ്മപ്പെടുത്തി കൊണ്ടിരിക്കുക എന്നതാണ്. ജമാഅത്തിന്റെ പുരോഗതിയുടെ വേഗതക്ക് ഒരു കുറവും ഒരിക്കലും വരാൻ പാടില്ല. അല്ലാഹുവിന്റെ സന്ദേശം ലോകത്ത് എത്തിക്കുന്നതിനായി ഒരു സംഘത്തിന് ശേഷം അടുത്ത സംഘം തയ്യാറായി വരേണ്ടതാണ്. സ്ഥിരമായി ഒഴുകികൊണ്ടിരിക്കുന്ന നദികൾ ഭൂമിയെ ഹരിതാപമായി നിലനിർത്തുന്നു. ഇതേപോലെ ദീനിന് സേവനം ചെയ്യുന്നതിനായി തുടർച്ചയായി വരുന്ന സംഘം ആത്മീയ ജീവൻ നിലനിർത്തുന്നതിന് കാരണമായിത്തീരുന്നതാണ്.

കുഴൽ കിണറുകളും തോടുകളും മുഖേന ജലസേചനം നടത്തുന്ന പ്രദേശങ്ങളിൽ ഒരു കൃഷിയിടത്തിൽ വെള്ളം വേണ്ടത്ര ലഭിക്കുന്നതിനു മുമ്പേ വെള്ളം എത്തിക്കുന്ന ശ്രോതസ്സ് മുറിഞ്ഞു പോകുകയോ തടസ്സപ്പെട്ടുപോകുകയോ ചെയ്താൽ അവിടെ തുടക്കം മുതൽ തന്നെ എല്ലാം ശരിയാക്കി വീണ്ടും വെള്ളം ആദ്യഘട്ടത്തെപോലെ തന്നെ എത്തിക്കേണ്ടതായി വരുമെന്ന കാര്യം അവിടത്തെ കർഷകർക്കറിയാവുന്ന ഒന്നാണ്. ഇതു കാരണം സമയവും വെള്ളവും നഷ്ടമാകുന്നു. ഇതേപോലെ സംസ്കരണത്തിനും പ്രചരണപ്രവർത്തനത്തിനും തുടർച്ചയായ പ്രയത്നം ഇല്ലെങ്കിൽ, തുടർച്ചയായി പ്രയത്നിക്കുന്നവർ ലഭ്യമല്ലെങ്കിൽ അവിടെയും മുറിഞ്ഞു മുറിഞ്ഞു കൊണ്ടായിരിക്കും സന്ദേശം എത്തുക. ആ പ്രയത്നം ഫലം നൽകാൻ കാലതാമസം വരുത്തുന്നതാണ്. തർബിയത്ത്, തബ്ലീഗ് പ്രവർത്തനങ്ങളിൽ അത് തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

അല്ലാഹു പറയുന്നു: ഓരോ സമുദായത്തിൽ നിന്നും ഒരു വിഭാഗം ആളുകൾ അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിന്റെ ഒഴുക്ക് ഒരിക്കലും മുറിഞ്ഞു പോകാതെ നിലനിറുത്തുന്നവരായിട്ടുണ്ടായിരിക്കണം. അതു കൊണ്ട് ഞാൻ ഇന്ന് ഈ കാര്യത്തെ ഒന്നു കൂടി ഓർമ്മപ്പെടുത്തുകയാണ്.

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് ) വഖ്ഫെ നൗ പദ്ധതി തുടങ്ങിയിരുന്നു. ദീനിന് സേവനം ചെയ്യുന്ന ഒരു സംഘം എപ്പോഴും ഉണ്ടായിരിക്കണമെന്ന പ്രാർത്ഥനയോടു കൂടിയാണ് അത് തുടങ്ങിയിരുന്നത്. ഈ വെള്ളത്തിന്റെ ഒഴുക്ക്

ഒരിക്കലും മുറിഞ്ഞു പോകാൻ പാടില്ല. ജമാഅത്തിന്റെ സാഹിത്യങ്ങൾ വിവർത്തനം ചെയ്യുന്നവരെ എപ്പോഴും ജമാഅത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. തബ്ലീഗ്, തർബിയ്യത്ത് പ്രവർത്തനങ്ങൾ നടത്തുന്ന വലിയോരു സംഘത്തെ ജമാഅത്തിന് ഇതു മുഖേന ലഭിക്കുന്നതാണ്. ജമാഅത്തിന്റെ സംവിധാനത്തെ ചലിപ്പിക്കുന്ന മറ്റു വകുപ്പുകളിലേക്കും ജീവിതം വഖ്ഫ് ചെയ്ത സംഘത്തെ ലഭിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. അത് കൊണ്ട് ഈ കാര്യങ്ങൾ എപ്പോഴും നാം നമ്മുടെ മുമ്പാകെ വെക്കേണ്ടതാണ്.

തങ്ങളുടെ മക്കളെ സമർപ്പിച്ചതിനുശേഷം മാതാപിതാക്കൾ തങ്ങളുടെ കർത്തവ്യങ്ങളിൽനിന്നും സ്വതന്ത്രരായി ത്തീരുന്നില്ല. കുട്ടികളെ വഖ്ഫെ നൗ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്ന വികാരം സ്തുത്യർഹം തന്നെയാണ്. കുട്ടികളെ വഖ്ഫെ നൗവിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് ഓരോ വർഷവും ആയിരക്കണക്കിന് അപേക്ഷകൾ വരുന്നുണ്ട്. എന്നാൽ ഈ അപേക്ഷകൾ സമർപ്പിച്ചതിനുശേഷം മാതാപിതാക്കളുടെ ഉത്തരവാദിത്യം വർദ്ധിക്കുകയാണ് ചെയ്യുന്നത്. ലോകത്തെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുക എന്ന സുപ്രധാന ലക്ഷ്യത്തിനായി സമർപ്പിക്കാനായി ഈ കുട്ടികളെ തയ്യാറാക്കാൻ ആദ്യം മാതാപിതാക്കളാണ് പരിശ്രമിക്കേണ്ടത്. തങ്ങളുടെ സമയം കുട്ടികൾക്കായി ചെലവഴിച്ച്, തങ്ങളുടെതായ മാതൃക കാണിച്ചുകൊണ്ട് കുട്ടികളെ ആദ്യം അല്ലാഹുവുമായി ബന്ധപ്പെടുത്തേണ്ടതാണ്. ജമാഅത്ത് സംവിധാനത്തിന്റെ പ്രാധാന്യം, അതിനായി ഏതുതരം ത്യാഗത്തിനും തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ചെറുപ്പത്തിൽ തന്നെ കുട്ടികൾക്ക് ശിക്ഷണം നൽകി തയ്യാറാക്കേണ്ടതാണ്. അങ്ങനെ അവർക്ക് മറ്റൊരു ദിശകളിലേക്കും ചിന്തിക്കാൻ കഴിയാതെ വരണം. ബോധം വന്ന നാൾ മുതൽ കുട്ടികൾ വഖ്ഫെ നൗ പരിപാടികളിലും ജമാഅത്ത് പരിപാടികളിലും പങ്കെടുക്കുന്നവരായി മാറണം. അതോടൊപ്പം അവരുടെ മനസ്സിലും മസ്തിഷ്ക്കത്തിലും ഒരേ ഒരു ചിന്ത രൂഢമായിരിക്കണം. അതായത് ഞാൻ എന്നെ ദീനിസേവനത്തിന് മാത്രമാണ് സമർപ്പിക്കുക.

വഖ്ഫെ നൗ കുട്ടികളുടെ ജീവിത ലക്ഷ്യം മത വിജ്ഞാനം കരസ്ഥമാക്കലാണെന്ന് കുട്ടികളുടെ മനസ്സിൽ കൂടുതലായി ഇട്ടുകൊടുക്കേണ്ടതാണ്. മത വിജ്ഞാനം കരസ്ഥമാക്കാനായി അത് നൽകുന്ന ജമാഅത്തിന്റെ സ്ഥാപനങ്ങളിൽ പോകേണ്ടത് നിർബന്ധമാണ്. ജാമിഅ അഹ്മദിയ്യായിൽ പോകുന്ന വഖ്ഫെ നൗ കുട്ടികളുടെ എണ്ണം വളരെ കൂടുതലായിരിക്കേണ്ടതാണ്. എന്നാൽ എന്റെ മുമ്പിലുള്ള കണക്കുകൾ പറയുന്നത് പാക്കിസ്ഥാനെ ഒഴിവാക്കിയാൽ മറ്റു രാജ്യങ്ങളിൽ ഈ എണ്ണം വളരെ കുറവാണെന്നാണ്.

പാക്കിസ്ഥാനിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ 1033 വഖ്ഫെ നൗ കുട്ടികൾ ജാമിആയിൽ പഠിക്കുന്നുണ്ട്. എന്റെ മുമ്പിൽ വന്ന കണക്കനുസരിച്ച് ഇന്ത്യയിൽ 93 കുട്ടികളാണ് പഠിക്കുന്നത്. ഒരു പക്ഷെ വഖ്ഫെ നൗ വിഭാഗത്തിന് ഈ എണ്ണത്തിൽ തെറ്റു പറ്റിയിരിക്കാമെന്നാണ് ഞാൻ ഊഹിക്കുന്നത്. ഇതിനേക്കാളും എത്രയോ കൂടുതലാണ് വേണ്ടിയിരുന്നത്. ഇതിൽ തെറ്റുണ്ടെങ്കിൽ ജാമിഅയിൽ ഇപ്പോൾ എത്ര വഖ്ഫെ നൗ കുട്ടികൾ പഠിക്കുന്നുണ്ടെന്ന് ഇന്ത്യയിലെ വഖ്ഫെനൗ വിഭാഗം അറിയിക്കുക. ജർമ്മനിയിൽ 70 ആണ്. കഴിഞ്ഞ വർഷത്തെ റിപ്പോർട്ടാണിത്. ഇപ്പോൾ അവിടെ എൺപതിൽ കൂടുതലായിട്ടുണ്ട്. യൂറോപ്പിലെ വിവിധ നാടുകളിലുള്ള കുട്ടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ജർമ്മനിയിലെ കുട്ടികൾ മാത്രമല്ല ഉള്ളത്. കാനഡയിലെ ജാമിഅ അഹ്മദിയ്യായിൽ 55 പേരാണുള്ളത്. ഒരുപക്ഷെ അൽപം വർദ്ധനവ് ഉണ്ടായിട്ടുണ്ടായിരിക്കാം. ഇതിൽ അമേരിക്കയിലെ കുട്ടികളും ഉൾപ്പെടും. യു.കെയിലെ ജാമിഅയിൽ കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 120 പേരാണുള്ളത്. ഒരു പക്ഷെ അംഗസംഖ്യ പത്ത് പതിനഞ്ച് വരെ വർദ്ധിച്ചിരിക്കാം. ഇവിടെയും യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ വരാറുണ്ട്. ഘാനയിൽ 12 കുട്ടികളാണ് പടിക്കുന്നത്. അവിടെ ശാഹിദ് ബിരുദം എടു ക്കാനായി ഒരു പുതിയ ജാമിഅ തുടങ്ങിയിട്ടുണ്ട്. ഒരു പക്ഷെ 12 എന്നത് അതിലെ കണക്കാകാം. ബംഗ്ലാദേശിൽ 23 ആണ്. ഓഫീസിന്റെ കണക്കനുസരിച്ച് മൊത്തം ഈ എണ്ണം 1400 ആണ്.

എന്നാൽ ഇപ്പോൾ വഖ്ഫെ നൗ ആൺകുട്ടികളുടെ മൊത്തം എണ്ണം 28,000 ത്തിന് അടുത്ത് എത്തിയിട്ടുണ്ട്. നമ്മുടെ മുമ്പാകെ ലോകം മുഴുവനും പ്രവർത്തന മണ്ഡലമാണ്. ഏഷ്യാ, ആഫ്രിക്ക,യൂറോപ്പ്,അമേരിക്ക,ആസ്ത്രേലിയ, ദ്വീപുകൾ എന്നിവിടങ്ങളിലെല്ലാം നമുക്ക് എത്തേണ്ടതുണ്ട്. ഉപഭൂഖണ്ഡങ്ങളിലോ രാജ്യങ്ങളിലോ പട്ടണങ്ങളിലോ മാത്രമല്ല, ഓരോ സ്ഥലത്തും ലോകത്തുള്ള ഓരോ വ്യക്തിക്കും ഇസ്ലാമിന്റെ മനോഹരസന്ദേശത്തെ നമുക്ക് എത്തിക്കേണ്ടിയിരിക്കുന്നു. ഇതിനായി അൽപം ചില മുബല്ലിഗ്മാർ പ്രവർത്തിച്ചതു കൊണ്ടായില്ല.

കുട്ടിക്കാലത്ത് വഖ്ഫെ നൗ ആണെന്നതിൽ കുട്ടികൾ വളരെയധികം സന്തോഷിക്കാറുണ്ട്. എന്നാൽ ഈ യൂറോപ്യൻ സമൂഹത്തിൽ മാതാപിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കാത്തതു കാരണം, ഭൗതിക വിദ്യാഭ്യാസത്തിന്റെ സ്വാധീനവലയത്തിൽ കുടുങ്ങുന്നതു കാരണം, തങ്ങളുടെ കൂട്ടുകാരുടെ സദസ്സുകളിൽ കഴിച്ചുകൂട്ടുന്നതുകാരണം, ജാമിഅയിൽ വരുന്നതിന് പകരം മറ്റു വിഷയങ്ങൾ പഠിക്കുന്നതിലേക്കാണ് കൂടുതൽ ശ്രദ്ധയുണ്ടാകുന്നത്. ചില കുട്ടികൾ ചെറുപ്പത്തിൽ പറയാറുള്ളത് ജാമിഅയിൽ പോകുമെന്നാണ്. എന്നാൽ പത്താം ക്ലാസ് പാസായി കഴിഞ്ഞാൽ അവരുടെ താത്പര്യങ്ങൾ മാറുന്നു.

ചില കുട്ടികൾ മറ്റു വിഷയങ്ങളിൽ നല്ല കഴിവുള്ളവരുണ്ടാകാം. അവരുടെ ശ്രദ്ധ പ്രത്യേക വിഷയത്തിലേക്ക് താത്പര്യമുള്ളതായിരിക്കും. അവർക്ക് ഏതിലേക്കാണ് താത്പര്യമെന്ന് ചെറുപ്പത്തിലെ മനസ്സിലാകുന്നു. ചില വിഷയങ്ങളിൽ അവർക്ക് പ്രത്യേക താത്പര്യം ഉണ്ടാകുന്നു. ഉദാഹരണമായി സയൻസിന്റെ ചില വിഷയങ്ങളിൽ അവർക്ക് പ്രത്യേക താത്പര്യം കാണും. അതിൽ അവരുടെ ബുദ്ധിയും ശരിക്കും പ്രവർത്തിക്കുന്നതായിരിക്കും. അങ്ങനെയുള്ളവരെ ആ വിഷയം പഠിക്കുന്നതിലേക്ക് തിരിച്ചു വിടുക തന്നെ വേണം. എന്നാൽ അധികം പേരും അന്ധമായ അനുകരണം കാരണം പത്താം ക്ലാസ് പാസായതിനു ശേഷമാണ് തങ്ങളുടെ വിഷയം തിരഞ്ഞെടുക്കുന്നത്. എന്നെ കാണാൻ വരുന്ന പത്താം ക്ലാസ് കഴിഞ്ഞ കുട്ടികളോട് ഞാൻ ചോദിക്കുമ്പോൾ, (കാനഡയിൽ പത്താം ക്ലാസിന് ഗ്രേഡ് എന്നാണ് പറയുക) പത്താം ക്ലാസ് വരെ ഏതു വിഷയമാണ് എടുക്കേണ്ടത് എന്ന് അവർ ഒന്നും തീരുമാനിച്ചിട്ടുണ്ടാകില്ല.

വഖ്ഫെ നൗ കുട്ടികളുടെ മനസ്സിൽ ഞാൻ വഖ്ഫെ നൗ

ആണെന്നും എന്റെതെല്ലാം ജമാഅത്തിന്റെതാണെന്നും ഞാനും ജമാഅത്തിന്റെതാണെന്നുമുള്ള ചിന്തയാണ് മാതാപിതാക്കൾ ചെറുപ്പത്തിൽ തന്നെ ഇട്ടുകൊടുക്കേണ്ടത്. അങ്ങനെയാണെങ്കിൽ ശരിയായ വികാരത്തോടുകൂടി ഈ കുട്ടികൾ പ്രവർത്തിക്കുന്നതായിരിക്കും. മാത്രമല്ല ഏതു വിഷയം എടുക്കണം എന്ന കാര്യത്തിലൊക്കെ ജമാഅത്തിനോടും കേന്ദ്രത്തോടും ചോദിക്കണം എന്ന ചിന്ത അവരിൽ ഉണ്ടായിത്തീരുന്നതാണ്.

ഞാൻ പറഞ്ഞതു പോലെ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് ഇങ്ങനെയുള്ള മാതാപിതാക്കൾ ഉള്ളത്. അവർ ഒരു താത്പര്യത്തോടുകൂടിയാണ് കുട്ടികളെ വഖ്ഫ് ചെയ്യുന്നത്. അതോടൊപ്പം കുട്ടികൾ ജമാഅത്തിന് സേവനം ചെയ്യുന്നവരും വഖ്ഫിന്റെ ആത്മാവ് നിലനിർത്തുന്നവരുമായിത്തീരണം എന്ന വികാരത്തോടു കൂടി അവർക്ക് ശിക്ഷണം നൽകുകയും ചെയ്യുന്നു.

എന്നാൽ വഖ്ഫെ നൗവിലേക്ക് കുട്ടികളെ അയക്കുന്ന ഭൂരിഭാഗവും ഈ രീതിയിൽ തർബിയത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്ന് നമുക്ക് പറയാൻ ആവില്ല. അതുകൊണ്ട് തങ്ങളുടെ മക്കളെ വഖ്ഫെ നൗവിലേക്ക് അയക്കുന്ന മാതാപിതാക്കൾ ജമാഅത്തിന് അവർ നൽകുന്ന ഈ പാരിതോഷികത്തിന് വേണ്ടി തങ്ങളുടെ കടമകൾ പൂർണ്ണമായും നിറവേറ്റിയിട്ടുണ്ടോ എന്ന് ഒരാത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. ഈ പാരിതോഷികത്തെ എത്ര മാത്രം ഭംഗിയായി നൽകാൻ അവർ ശ്രമിക്കുന്നുണ്ട്? എത്ര മാത്രം ഹൃദ്യമാക്കിക്കൊണ്ടാണ് ജമാഅത്തിന് നൽകാൻ അവർ പരിശ്രമിക്കുന്നത് ? അവരുടെ കടമകൾ എത്ര മാത്രം അവർ നിറവേറ്റുന്നുണ്ട് ?

ഈ നാടുകളിൽ എല്ലാവിധ സ്വാതന്ത്ര്യവും ലഭ്യമാണ്. ഇവിടെ താമസിക്കുമ്പോൾ പ്രത്യേകമായ ശ്രദ്ധയും മേൽനോട്ടവും അനിവാര്യമാണ്. ഇതേ പോലെ ഏഷ്യയിലെയും ആഫ്രിക്കയിലെയും ദരിദ്രനാടുകളിലും കുട്ടികളെ വഖ്ഫ് ചെയ്ത് അശ്രദ്ധരായിത്തീരരുത്. മറിച്ച് പ്രത്യേകമായ പരിശ്രമം ഇക്കാര്യത്തിന് ചെയ്യേണ്ടത് മാതാവിന്റെയും പിതാവിന്റെയും കടമയാണ്.

പന്ത്രണ്ട് പതിമൂന്ന് വയസ്സ് പ്രായമെത്തിയ വഖ്ഫെ നൗ കുട്ടികളോട് എനിക്ക് പറയാനുള്ളത് നിങ്ങൾ നിങ്ങളെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ആലോചിക്കുക. വഖ്ഫെ നൗ ആണെന്നതിൽ സന്തോഷിച്ചാൽ പോരാ. നിങ്ങളുടെ ലക്ഷ്യമെന്താണെന്ന് മനസ്സിലായാൽ മാത്രമേ നിങ്ങളുടെ പ്രാധാന്യം എത്ര മാത്രമാണെന്ന് നിങ്ങൾക്ക് മനസ്സിലാകുകയുള്ളു. നിങ്ങൾ എന്ത് കരസ്ഥമാക്കണമെന്നതിലേക്ക് ശ്രദ്ധയുണ്ടായിത്തീരുന്നതാണ്. 15 വയസ്സുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ പ്രാധാന്യവും ഉത്തരവാദിത്വവും നല്ല നിലയിൽ മനസ്സിലായിരിക്കേണ്ടതാണ്.

ഈ ആയത്തുകളിൽ മാതാപിതാക്കളുടേയോ ജമാഅത്ത് സംവിധാനത്തിന്റെയോ ചില ആളുകളുടേയോ ആഗ്രഹം മാത്രമല്ല വിവരിച്ചിരിക്കുന്നത്, മറിച്ച് കുട്ടികളെയും ഇവിടെ പല കാര്യങ്ങളും ഉണർത്തിയിട്ടുണ്ട്. എല്ലാ വഖ്ഫെ നൗ കുട്ടികളിലും ഉണ്ടായിരിക്കേണ്ട ഒന്നാമത്തെ കാര്യം ഇതാണ്. അവരുടെ മാതാവ് അവരുടെ ജനനത്തിന് മുമ്പേ ഒരു മഹത്തായ ലക്ഷ്യത്തിനായി അവരെ സമർപ്പിക്കാനുള്ള ആഗ്രഹം തന്റെ മനസ്സിൽ വെക്കുകയുണ്ടായി. ഈ ആഗ്രഹം പൂർത്തിയാക്കുന്നതിനായി വളരെ വിനയത്തോടു കൂടി പ്രാർത്ഥിക്കുകയും ചെയ്തു. അതുകൊണ്ട് മാതാവിന്റെയും പിതാവിന്റെയും (കാരണം പിന്നീട് ഇതിൽ പിതാവും ഉൾപ്പെടുന്നു) ആഗ്രഹങ്ങളെ ആദരിച്ചു കൊണ്ട് അവരുടെ ആഗ്രഹപൂർത്തീകരണത്തിന് താൻ നേർച്ചയായിത്തീരുന്നതിനായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. തന്റെ ചിന്തയും, വികാരവും, വാക്കും പ്രവർത്തിയും എല്ലാം അല്ലാഹുവിന്റെ പ്രീതിക്കനുസരിച്ച് ആക്കാൻ ശ്രമിക്കുമ്പോഴാണ് ഇത് കരസ്ഥമാകാൻ സാധിക്കുകയുള്ളു.

രണ്ടാമത്തെ കാര്യം നിങ്ങളെ വഖ്ഫെ നൗ പദ്ധതിയിൽ ഇതിൽ ഉൾപ്പെടുത്തിക്കൊണ്ട് മാതാപിതാക്കൾ നിങ്ങളോട് വലിയ ഔദാര്യമാണ് ചെയ്തിരിക്കുന്നത്. അതു കൊണ്ട് അല്ലാഹു അവരോട് കരുണ ചെയ്യട്ടെ എന്ന് അവർക്കായി പ്രാർത്ഥിക്കുക. അതോടൊപ്പം നിങ്ങളുടെ ശിക്ഷണത്തിനായി അവർ എടുക്കുന്ന ഓരോ കാൽവെപ്പിനെക്കുറിച്ചും നിങ്ങൾക്ക് വിലമതിപ്പുണ്ടാകണം. എന്റെ മാതാപിതാക്കൾ തങ്ങളുടെ പ്രതിജ്ഞ പാലിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഞാനും മാറേണ്ടതാണെന്ന വികാരം നിങ്ങളിലും ഉണ്ടായിത്തീരേണ്ടതാണ്. മാതാപിതാക്കളുടെ പ്രതിജ്ഞക്ക് ഒരു ന്യൂനവും വരുത്താൻ ഇടവരരുത്. ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുമെന്ന പ്രതിജ്ഞ ഏറ്റവും ശക്തമായ നിലയിൽ പൂർത്തിയാക്കേണ്ടത് എന്റെ കടമയാണെന്ന് ഒരു വഖ്ഫെ നൗ കുട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്.

മൂന്നാമത്തെ കാര്യം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി എല്ലാ ത്യാഗത്തിനും ക്ഷമയും സ്ഥിരചിത്തതയും പ്രകടമാക്കുമെന്ന് പ്രതിജ്ഞയെടുക്കുക. എന്ത് തന്നെ കഠിനമായ അവസ്ഥ നേരിടേണ്ടി വന്നാലും ഞാൻ എന്റെ വഖ്ഫിന്റെ പ്രതിജ്ഞ ഏതവസ്ഥയിലും നിറവേറ്റുന്നതാണെന്ന് അവർ മനസ്സിലാക്കണം. ഭൗതികമായ ഒരു അത്യാഗ്രഹവും എന്നെ വഖ്ഫിന്റെ പ്രതിജ്ഞയിൽ നിന്നും തെറ്റിക്കുന്നതായിത്തീരില്ല.

അല്ലാഹു ജമാഅത്തിന് ഇപ്പോൾ വലിയ അനുഗ്രഹങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. രണ്ടാം ഖിലാഫത്ത് കാലത്ത് ചില സന്ദർഭങ്ങളിൽ ചില വർഷങ്ങളിൽ ഖാദിയാനിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ജമാഅത്തിന്റെ ഉദ്യോഗസ്ഥർക്ക് അവർക്ക് നിശ്ചയിച്ചിരുന്ന തുച്ഛമായ അലവൻസ് പോലും മാസങ്ങളോളം പൂർണ്ണമായും നൽകാൻ സാധിച്ചിരുന്നില്ല. ഹിജ്റത്തിന് ശേഷം റബ്‌വയിലും അങ്ങനെയുള്ള അവസ്ഥ ഉണ്ടായിട്ടുണ്ട്. ഈ അവസ്ഥകളെല്ലാം ഉണ്ടായിട്ടുകൂടി ജീവിതം വഖ്ഫ് ചെയ്തവർ, ആ കാലത്തെ വഖ്ഫ് ചെയ്തവർ പരാതികൾ പറഞ്ഞു കൊണ്ട് തങ്ങളുടെ ജോലികളിൽ നിന്നും വിട്ടുനിന്നിട്ടില്ല. 1970ലും 1980ലും ആഫ്രിക്കയിലെ ചില നാടുകളിൽ ഇങ്ങനെയുള്ള കഷ്ടപ്പാടുകളുടെ അവസ്ഥ നേരിട്ടുണ്ട്. വളരെ കഷ്ടപ്പെട്ടാണ് അവർ അന്ന് ജീവിതം നയിച്ചിരുന്നത്. ജമാഅത്ത് അവർക്കായി നിശ്ചയിച്ചിരുന്ന അലവൻസ് പതിനഞ്ച് ഇരുപത് ദിവസത്തിനുള്ളിൽ തീർന്നുപോകുമായിരുന്നു. പ്രാദേശിക വാഖിഫീനുകൾക്ക് ഒരു ദിവസം ഒരു നേരത്തെ ഭക്ഷണത്തിനുള്ളത്ര അലവൻസാണ് ലഭിച്ചിരുന്നത്. എന്നിട്ടും അവർ തങ്ങളുടെ വഖ്ഫിന്റെ പ്രതിജ്ഞ നിറവേറ്റുകയുണ്ടായി. തബ്ലീഗ് പ്രവർത്തനത്തിൽ ഒരു കുറവും വരാൻ അനുവദിച്ചിട്ടില്ല.

നാലാമത്തെ കാര്യം നന്മയെ വ്യാപിപ്പിക്കുകയും തിന്മയെ തടയുകയും ചെയ്യുന്നവരിൽ തങ്ങളെ ഉൾപ്പെടുത്താൻ ശ്രമി

ക്കുകയും ആ വികാരത്തെ ഉത്തേജിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക. തങ്ങളുടെ ഉന്നത സ്വഭാവഗുണങ്ങൾ സ്ഥാപിക്കുക. ഉന്നത സ്വഭാവഗുണങ്ങൾ സ്ഥാപിക്കാൻ ശ്രമിച്ചാൽ നന്മകൾ നിങ്ങളിൽ നിന്നും പുറപ്പെടും. അതോടൊപ്പം തിന്മയിൽ നിന്ന് സ്വയം രക്ഷപ്പെടുകയും ചെയ്യും. അപ്പോൾ ജനശ്രദ്ധ നിങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നതാണ്. ഈ ഒരു വികാരം നിങ്ങളിൽ ഉണ്ടാക്കിയെടുക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്.

അഞ്ചാമത്തെ കാര്യം നന്മതിന്മകളെ കുറിച്ച് തിരിച്ചറിവ് ഉണ്ടായിത്തീരുന്നതിന് വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും ജ്ഞാനം കരസ്ഥമാക്കേണ്ടതാണ്. ഹ:മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ ഉപദേശങ്ങളും വായിക്കണം. നിങ്ങളുടെ മത വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി എപ്പോഴും പരിശ്രമിക്കണം.

ജാമിആയിൽ പഠിക്കുന്ന ഒരു കുട്ടിക്ക് മതവിജ്ഞാനം അവിടെ നിന്ന് നൽകുന്നുണ്ട്. എന്നാൽ അവിടെ നിന്നും വിജയിച്ച് പുറത്തിറങ്ങിക്കഴിഞ്ഞാൽ എന്റെ അറിവ് പൂർണ്ണമായെന്ന് കരുതരുത്. മറിച്ച് അറിവിനെ എപ്പോഴും വർദ്ധിപ്പിക്കാനായി ശ്രമിക്കേണ്ടതാണ്. ഒരു പ്രാവശ്യം കരസ്ഥമാക്കിയ മതവിജ്ഞാനം ഫലപ്രദമായിത്തീരുന്നത് അതിനോടൊപ്പം പുതിയ അറിവ് കരസ്ഥമാക്കിക്കൊണ്ടിരിക്കൊമ്പൊഴാണ്. അതിന് സേചനം ചെയ്യാൻ വെള്ളം കിട്ടിക്കൊണ്ടിരിക്കണം. ഇതേപോലെ ജാമിആയിൽ പഠിക്കാത്തവർ അവരും മതവിജ്ഞാനം കരസ്ഥമാക്കൻ ശ്രമിക്കണം. ഭൗതിക പഠനം കരസ്ഥ മാക്കുന്ന വഖ്ഫെ നൗ കുട്ടികൾ തങ്ങൾക്ക് മതപഠനം വേണ്ടെന്ന് വെക്കരുത്. നിങ്ങൾക്ക് ലഭിക്കുന്നത്ര സാഹിത്യങ്ങൾ വായിക്കുക. വിശുദ്ധ ഖുർആന്റെ തർജ്ജമയും വ്യാഖ്യാനവും പഠിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കണം ഹ:മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ നിങ്ങളുടെ ഭാഷകളിലുള്ളത് വായിക്കേണ്ടതാണ്.

അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന ആറാമത്തെ കാര്യത്തിലേക്ക് വഖ്ഫെ നൗ കുട്ടികൾ ശ്രദ്ധിക്കേണ്ടതാണ്. തബ്ലീഗ് രംഗത്തേക്ക് വഖ്ഫെ നൗ കുട്ടികൾ എടുത്ത് ചാടുക എന്നതാണത്. ചില വഖ്ഫെ നൗ പെൺകുട്ടികൾ പരാതി പറയാറുള്ളത്, ഞങ്ങൾക്ക് പഠിക്കാൻ ജാമിഅ ഇല്ല എന്നാണ്. മതപഠനം ഞങ്ങൾക്ക് കരസ്ഥമാക്കാൻ സാധിക്കുന്നില്ല എന്നവർ പറയാറുണ്ട്. ഞാൻ പറഞ്ഞതുപ്പോലെ അവർ സ്വയം പഠിക്കാൻ ശ്രമിക്കുകയാണെങ്കിൽ അവരുടെ പരിധിക്കുള്ളിൽ നിന്ന്കൊണ്ട് അവർക്ക് തബ്ലീഗ് ചെയ്യാൻ സാധിക്കുന്നതാണ്. അതിനുള്ള സാഹചര്യം ലഭിക്കുന്നതാണ്. ഇതിലേക്ക് ശ്രദ്ധയുണ്ടായാൽ അതോടൊപ്പം അവസരം ലഭിക്കുകയും ചെയ്താൽ കാര്യങ്ങൾ മനസ്സിലാക്കാൻ കൂടുതൽ ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്. അങ്ങനെ മതപഠനം കരസ്ഥമാക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടായിത്തീരുകയും ചെയ്യും.

ചുരുക്കത്തിൽ തബ്ലീഗ് മൈതാനം എല്ലാവർക്കും തുറന്ന് കിടക്കുകയാണ്. ഓരോ വഖ്ഫെ നൗ കുട്ടിയും ഇതിലേക്ക് എടുത്ത് ചാടേണ്ടതാണ്. ഇതിൽ ഓരോരുത്തരും കൂടുതൽ കൂടുതൽ പങ്കാളികളാവേണ്ടതാണ്. ലോകർ തിരുനബി (സ) യുടെ പതാകക്കു കീഴിൽ വരുന്നതുവരെ ഞാൻ സ്വസ്ഥമായി ഇരിക്കില്ലെന്ന് അവർ പ്രതിജ്ഞ എടുക്കേണ്ടതാണ്. ഈ വികാരവും ആവേശവുമാണ് മതവിജ്ഞാനം വർദ്ധിപ്പിക്കുന്നതിലേക്കും നിങ്ങളുടെ ശ്രദ്ധ തിരിക്കുന്നതാണ്.

ഓരോ വഖ്ഫെ നൗ കുട്ടിയും ശ്രദ്ധിക്കേണ്ട ഏഴാമത്തെ കാര്യം ലോകത്തെ നാശത്തിൽ നിന്നും സംരക്ഷിക്കുന്ന ഒരു സംഘത്തിൽ അംഗമായിരിക്കുകയാണ് അവരെന്ന് ഓർക്കണം. നിങ്ങൾക്ക് അറിവുണ്ടെങ്കിലും നിങ്ങൾക്ക് അവസരവും ലഭിക്കുന്നുണ്ടെങ്കിലും ലോകരെ നാശത്തിൽ നിന്നും രക്ഷിക്കാനുള്ള യഥാർത്ഥ വികാരം നിങ്ങളിലില്ലെങ്കിൽ, മാനവരാശിയെ വിപത്തിൽ നിന്നും രക്ഷിക്കുമെന്ന വേദന ഹൃദയത്തിലില്ലെങ്കിൽ ഒരു പ്രത്യേക ആവേശത്തോടുകൂടിയുണ്ടാക്കേണ്ട പ്രയത്നം ഉണ്ടാകുന്നതല്ല. അതിൽ വേണ്ട രീതിയിൽ അനുഗ്രഹവും വർഷിക്കപ്പെടാതിരിക്കാം.

അതിനാൽ അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിന് വേദന തിങ്ങുന്ന ഒരു ഹൃദയം നിങ്ങളിൽ ഉണ്ടാകുന്നതോടൊപ്പം വേദനാനിർഭരമായ പ്രാർത്ഥനയും അനിവാര്യമാണ്. വേദനാനിർഭരമായ ഈ പ്രാർത്ഥനകളാണ് നമ്മുടെ ലക്ഷ്യങ്ങളിൽ നമുക്ക് വിജയം നൽകി അനുഗ്രഹിക്കുന്നത്. അതുകൊണ്ട് ഓരോരുത്തരും മനസ്സിലാക്കേണ്ട കാര്യം നമ്മുടെ പ്രാർത്ഥനയുടെ പരിധി നമുക്ക് ചുറ്റും മാത്രം ഒതുങ്ങാൻ പാടില്ല. മറിച്ച് ഇതിന്റെ കൈവഴികൾ നാനാഭാഗത്തും ഒഴുകിക്കൊണ്ടിരിക്കണം. അല്ലാഹു നമുക്ക് ഇക്കാലത്ത് നൽകിയിരിക്കുന്ന ഈ അനുഗ്രഹത്തിൽ നിന്നും ഒരാളും തന്നെ വിട്ടു നിൽക്കാതിരിക്കട്ടെ.

നമ്മുടെ ലക്ഷ്യപ്രാപ്തി യഥാർത്ഥ വികാരവും സഹാനുഭൂതിയും നിറഞ്ഞ പ്രാർത്ഥന കൂടാതെ കരസ്ഥമാക്കാനാവില്ലെന്ന് നാം അറിയേണ്ടതാണ്. അതിനാൽ ഈ ചിന്തയാണ് ഒരു യഥാർത്ഥ വഖ്ഫെ നൗ കുട്ടിക്ക് ഉണ്ടായിത്തീരേണ്ടത്. ഇതൊന്നുമില്ലാതെ വിജയം പ്രതീക്ഷിക്കുക എന്നത് വെറും ദിവാസ്വപ്നമാണ്. ഇതൊന്നുമില്ലാത്തതാണ് നമ്മുടെ ജീവിതമെങ്കിൽ വഖ്ഫെ നൗ എന്നതും വഖ്ഫെ സിന്ദഗി എന്നതും വെറുമൊരു സ്ഥാനപ്പേര് മാത്രമായിത്തീരുന്നതാണ്. അതിന് ഒരു വിലയും നിലയും ഉണ്ടായിരിക്കില്ല. ഒരു സ്ഥാനപ്പേര് കരസ്ഥമാക്കുക എന്നതായിരുന്നില്ല നിങ്ങളുടെ ഉദ്ദേശ്യം. അതേപ്പോലെ നിങ്ങളെ ഈ ത്യാഗത്തിനായി സമർപ്പിച്ച മാതാപിതാക്കളുടെ ലക്ഷ്യവും ഇതായിരുന്നില്ല.

ഞാൻ പറഞ്ഞതുപ്പോലെ മാതാപിതാക്കളും വഖ്ഫെ നൗ കുട്ടികളും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടത് നിർബന്ധമാണ്. ഞാൻ വീണ്ടും ഇക്കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ലോകത്ത് മതത്തെ പ്രചരിപ്പിക്കാനായി മതവിജ്ഞാനം അനിവാര്യമാണ്. ഈ അറിവ് ഏറ്റവും കൂടുതലായി ലഭിക്കുന്നത് മതവിജ്ഞാനം നൽകാനായി സ്ഥാപിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണ്. അഹ്മദിയ്യാ ജമാഅത്തിൽ ഈ സ്ഥാപനങ്ങളെ ജാമിഅ അഹ്മദിയ്യാ എന്ന പേരിലാണ് അറിയപ്പെടുന്നത്.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജാമിആകൾ പാകിസ്ഥാനിലോ ഖാദിയാനിലോ മാത്രമല്ല ഉള്ളത്. മറിച്ച് ഞാൻ പറഞ്ഞതുപ്പോലെ യു.കെ.യിലും, ജർമ്മനിയിലും, ഇന്തോനേഷ്യയിലും, കാനഡയിലും, ഘാനയിലുമെല്ലാം ഉണ്ട്. ശാഹിദ് ബിരുദം നൽകാനുള്ള പുതിയ ജാമിആ അവിടെ തുടങ്ങിയിട്ടുണ്ട്. ഘാനയിൽ മുമ്പും ജാമിആ ഉണ്ടായിരുന്നു. അവിടെ അന്ന് മൂന്ന് വർഷത്തെ കോഴ്സ് പഠിച്ച മുഅല്ലിമീങ്ങളാണ് തയ്യാറായിരിക്കുന്നത്. ഇപ്പോൾ ഘാനയിൽ തുടങ്ങിയ ജാമിആ

അഹ്മദിയ്യാ ശാഹിദ് മുബല്ലിഗുമാരെ തയ്യാറാക്കുന്നതാണ്. അവർ ഇപ്പോൾ ആഫ്രിക്കയിലെ ജമാഅത്തുകളിലാണ് പ്രവർത്തിക്കുക. ഇതേപ്പോലെ ബംഗ്ലാദേശിലും ജാമിഅ അഹ്മദിയ്യാ ഉണ്ട്.

തബ്ലീഗ് പ്രവർത്തനം വളരെ വിശാലമായ പ്രവർത്തനമാണ്. ഇത് കൃത്യമായി ശിക്ഷണം ലഭിച്ച മുബല്ലിഗ്മാർ മുഖേന മാത്രമേ നല്ല രീതിയിൽ ചെയ്യാൻ സാധിക്കുകയുള്ളൂ. അതിനാൽ വഖ്ഫെ നൗ കുട്ടികളിൽ കൂടുതൽ പേരും ജാമിഅ അഹ്മദിയ്യായിലേക്ക് വരേണ്ടതാണ്. എന്നാൽ ഞാനിപ്പോൾ സമർപ്പിച്ച കണക്കനുസരിച്ച് ഓരോ നാട്ടിലും ഓരോ പ്രദേശത്തും അടുത്ത ഭാവിയിലെന്നല്ല വിദൂര ഭാവിയിൽ പോലും മുബല്ലിഗ്മാരെ അയക്കാൻ നമുക്ക് സാധ്യമല്ല. പൂർണ്ണ സമയവും പ്രവർത്തിക്കുന്ന മുഅല്ലിമീങ്ങളും മുബല്ലിഗ്മാരും ഇല്ലാത്ത കാലത്തോളം വിപ്ലവകരമായ തബ്ലീഗ് പ്രവർത്തനങ്ങൾ നടത്തുക വളരെ പ്രയാസമായിരിക്കും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ വകുപ്പിലേക്ക് വന്നിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇത് 2012 ജൂലൈ വരെയുള്ള കണക്കാണ്, ഇതിന്റെ അടിസ്ഥാനത്തിൽ 18 വയസ്സിന് മുകളിലുള്ള വഖ്ഫെ നൗ കുട്ടികളുടെ എണ്ണം 25000 ആണ്. ഇതിൽ ആൺകുട്ടികൾ 14988 ആണ്. ഇതിൽ പാകിസ്ഥാനിലെ വഖ്ഫെ നൗ കുട്ടികൾ 10687 ആണ്. പാകിസ്ഥാനുശേഷം ജർമ്മനിയിലാണ് ഏറ്റവും കൂടുതൽ വഖ്ഫെ നൗ കുട്ടികളുള്ളത്. 1887 ആൺ കുട്ടികളും 1155 പെൺ കുട്ടികളും. ഇതിനു ശേഷം ഇംഗ്ലണ്ടാണ്. 918 ആൺകുട്ടികളാണ്. 1758 ആണ് അവരുടെ മൊത്തം കണക്ക്. എണ്ണൂറിൽ കൂടുതൽ പെൺകുട്ടികളാണ്. ജാമിഅ അഹ്മദിയ്യായിൽ വരുന്നവരുടെ എണ്ണം ജർമ്മനിയിലും യൂറോപ്പിലും കുറവാണ്. ഈ രണ്ട് ജമാഅത്തുകളിലും യൂറോപ്പിലെ വിവിധ നാടുകളിൽ നിന്നും വിദ്യാർത്ഥികൾ വരുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ ഈ എണ്ണം ഒന്നുകൂടി കുറയുന്നതാണ്. അമേരിക്കയിലെയും കാനഡയിലെയും ജാമിഅയിൽ എണ്ണം കുറവാണ്.

ജമാഅത്തുകൾ മുബല്ലിഗ്മാരെയും മുറബ്ബിമാരെയും ആവശ്യപ്പെടാറുണ്ട്. അതിനാൽ വഖ്ഫെ നൗ കുട്ടികളെ ജാമിഅയിലേക്ക് അയക്കാനും ശ്രമിക്കേണ്ടതാണ്. കാനഡയിലും അമേരിക്കയിലും ഇപ്പോൾ പതിനഞ്ച് വയസ്സിന് മുകളിൽ 800 കുട്ടികളാണുള്ളത്. ഇവരെ തയ്യാറാക്കിക്കഴിഞ്ഞാൽ അടുത്ത രണ്ട് വർഷത്തിനുള്ളിൽ ജാമിഅയിൽ പ്രവേശിക്കുന്നവരുടെ എണ്ണം നല്ലതുപ്പോലെ വർദ്ധിപ്പിക്കാൻ സാധിക്കും. മുറബ്ബിയും മുബല്ലിഗും ആകാൻ വേണ്ടി മാത്രമല്ല. ഇവർക്ക് ജാമിഅയിൽ പഠിച്ച് മതവിജ്ഞാനം കരസ്ഥമാക്കി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യാൻ സാധിക്കുന്നതാണ്. ജാമിഅയിൽ പഠിച്ചതിനു ശേഷം വിവിധ ഭാഷകളിൽ അവരെ പ്രത്യേകമായി പഠിപ്പിക്കാൻ സാധിക്കുന്നതാണ്.

ജാമിഅയിൽ വരാത്തവർ ഭാഷ പഠിക്കാൻ ശ്രമിക്കേണ്ടതാണ്. ഭാഷ പഠിക്കുന്നവർ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറഞ്ഞതുപ്പോലെ ചുരുങ്ങിയത് മൂന്ന് ഭാഷയെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്. ഒന്ന് അവരുടെ സ്വന്തം ഭാഷ, രണ്ടാമത്തേത് ഉർദു, മൂന്നാമത്തേത് അറബി. അറബി പഠിക്കേണ്ടത് നിർബന്ധമാണ്. വിശുദ്ധ ഖുർആൻ പഠിക്കാൻ, തഫ്സീർ അറിയാൻ, അതിൽ അറിവ് നേടാൻ ഇത് ആവശ്യമാണ്. മറ്റ് പല പുസ്തകങ്ങളും അറബിയിലുണ്ട്. തർജ്ജുമ ചെയ്യുമ്പോൾ അറബി അറിയില്ലെങ്കിൽ ശരിയായ രീതിയിൽ അത് ചെയ്യാൻ കഴിയില്ല. ഉർദു അറിയേണ്ടതിന്റെ കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിൽ നിന്നാണ് ഇപ്പോൾ മതവിജ്ഞാനം ശരിയായ രീതിയിൽ നമുക്ക് കരസ്ഥമാക്കാൻ സാധിക്കുക. കാരണം അദ്ദേഹത്തിന്റെ തഫ്സീറുകളും, ഗ്രന്ഥങ്ങളും, ലിഖിതങ്ങളും എല്ലാം വിജ്ഞാനത്തിന്റെ ഖജനാവുകളാണ്. ലോകത്ത് വിപ്ലവമുണ്ടാക്കാനും ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങൾ ലോകത്തിന് സമർപ്പിക്കാനും ഇതിനാണ് സാധിക്കുക. വിശുദ്ധ ഖുർആന്റെ ശരിയായ അറിവ് ലോകത്തിന് നൽകാൻ കഴിയുന്നതും ഇതിനാണ്. അതിനാൽ ഉർദു ഭാഷ പഠിപ്പിക്കാതെ മറ്റു ഭാഷകളിൽ നൈപുണ്യം കരസ്ഥമാക്കിയതുകൊണ്ട് കാര്യമായില്ല.

ജമാഅത്തിൽ തർജ്ജുമയ്ക്ക് വളരെ പ്രയാസമുള്ള ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴും പ്രയാസമില്ലെന്നല്ല. എന്നാലും കുറേയൊക്കെ കുറഞ്ഞിട്ടുണ്ട്. വിവിധ ദേശത്തുള്ള ജമാഅത്തുകളിൽ പഠിക്കുന്ന കുട്ടികളിലൂടെ ഇതിലേക്ക് ശ്രദ്ധ വന്നിട്ടുണ്ട്. ജാമിഅ അഹ്മദിയ്യായിൽ തയ്യാറാക്കുന്ന ഉപന്യാസങ്ങളിൽ ഉർദുവിൽ നിന്ന് തർജ്ജുമകളും തയ്യാറാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ചില ഗ്രന്ഥങ്ങൾ അവർ വിവർത്തനം ചെയ്തിട്ടുണ്ട്. കുട്ടികൾ തയ്യാറാക്കിയത് പരിശോധിച്ചവർ പറയുന്നത് നല്ല പരിശ്രമമാണ് നടന്നെതെന്നാണ്. അതിന്റെ നിലവാരം വളരെ ഉന്നതമല്ലെങ്കിൽ തന്നെയും അതിനെ മെച്ചപ്പെടുത്താവുന്നതാണ്. ഏതായിരുന്നാലും ഇതിനായി ഒരു പരിശ്രമം തുടങ്ങിയിട്ടുണ്ട്.

ഇത് ചില കുട്ടികളിൽ മാത്രമാണ്. അവർക്ക് ചില ഗ്രന്ഥങ്ങളാണ് നൽകപ്പെടുന്നത്. നമുക്ക് വിവിധ ഭാഷകളിൽ നൈപുണ്യം കരസ്ഥമാക്കിയവരെ ആവശ്യമുണ്ട്. വഖ്ഫെ നൗ കുട്ടികൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും ഭാഷയിൽ ജാമിഅയിലെല്ലാത്ത ആരെങ്കിലും യോഗ്യത കരസ്ഥമാക്കുന്നുണ്ടെങ്കിൽ അവർ അറബിയും ഉർദുവും പഠിക്കാൻ ശ്രമിക്കേണ്ടതാണ്. ഇതില്ലാതെ ഭാഷ പഠനം ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ നാം പറയുന്നത്, അത് നേടാൻ സാധ്യമല്ല.

ജാമിഅ അഹ്മദിയാക്കുറിച്ച് ചിലർ ആക്ഷേപിക്കാറുള്ളത്, അവിടെ പഠന നിലവാരം നല്ലതല്ല എന്നാണ്. ഇവിടെയും ജർമ്മനിയിലും അതേപ്പോലെ മറ്റു ചില സ്ഥലങ്ങളിലും. ഇത് വളരെ തരംതാണ ആക്ഷേപമാണ്. അവർ പറയുന്നത് ജാമിഅയിൽ നിന്നും പുറത്തിറങ്ങുന്നവർക്ക് അറബി ഭാഷ സംസാരിക്കാൻ അറിയില്ല എന്നാണ്. ഭാഷയിൽ പ്രാവീണ്യം കരസ്ഥമാക്കുക എന്നത് ജാമിഅയിൽ കഴിയില്ല. കാരണം അവിടെ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഒരു ഭാഷയിൽ മാത്രം ശ്രദ്ധ നൽകാൻ കഴിയില്ല. മറ്റു യൂനിവേഴ്സിറ്റിയിലും മദ്റസകളിലും ഒരു വിഷയം പഠിപ്പിച്ച് അതിലേക്ക് ശ്രദ്ധയൂന്നുന്നു. ഇവിടെ വിവിധ വിഷ യങ്ങളാണ് പഠിപ്പിക്കുന്നത്. ഏതെങ്കിലും കുട്ടിക്ക് പ്രത്യേക ഭാഷ പഠിക്കുന്നതിൽ താത്പര്യം കാണുമ്പോൾ, അവരെ ആ ഭാഷയിൽ പ്രത്യേകമായി സ്പെഷലൈസ് ചെയ്യിപ്പിക്കുന്നതുമായിരിക്കും. اِنْ شَاءَ اللّٰهُ സംസാരിക്കാൻ കഴിയുന്നില്ല എന്ന പരാതിയും അകലുന്നതായിരിക്കും.

ഏതായിരുന്നാലും പഠനത്തെക്കുറിച്ച് പറയുകയാണെങ്കിൽ ജാമിഅയിൽ നൽകപ്പെടുന്ന അറിവ് വളരെ ഗഹനമായ അറിവാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ കരസ്ഥമാക്കുന്നത് വളരെ വിശാലമായ അറിവാണ്. പാകിസ്ഥാനിൽ പഴയ ജാമിആയാണുള്ളത്. അവിടെ പ്രത്യേക വിഷയത്തിൽ ബിരുദം നൽകുകയും ചെയ്യുന്നതാണ്. സ്പെഷലൈസ് ചെയ്യിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ ജാമിആയിൽ കുട്ടികളെ അയക്കാതിരിക്കാനുള്ള ചിലരുടെ ഒഴിവ് കഴിവുകളാണ് ഇവയെല്ലാം. എനിക്ക് പ്രത്യേകിച്ച് ജർമ്മനിയിൽ നിന്നാണ് ഇത് അറിയാൻ കഴിഞ്ഞത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ.യിലെയും കാനഡയി ലെയും ജാമിആകളിൽനിന്നും പുറത്തിറങ്ങിയ കുട്ടികളിൽ നിന്ന് തബ്ലീഗ് രംഗത്ത് ചില അനുഭവങ്ങൾ ഉണ്ടായിട്ടുള്ളത് വളരെ ഫലപ്രദമാണ്. അറിവ് اِنْ شَآءَ اللّٰهُ വർദ്ധിച്ചു കൊണ്ട് പോകുന്നതാണ്.

അതുകൊണ്ട് ഇങ്ങനെയുള്ള സംസാരം നടത്തി ചില കുട്ടികളെ ജാമിആയിൽ വരുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നത് വെറും ഫിത്നയാണ്. അതല്ലെങ്കിൽ അവരിൽ കാപട്യത്തിന്റെ ലക്ഷണം ഉള്ളതുകൊണ്ടാണ്. അതുകൊണ്ട് അവരും ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്.

വഖ്ഫെ നൗ വകുപ്പ് സംവിധാനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അത് ഞാൻ ആവർത്തിക്കുകയാണ്. ഒരു പക്ഷെ ഇത് മുമ്പ് വിവരിച്ചിരിക്കാം.

വഖ്ഫെ നൗ കുട്ടികളെ തർബിയ്യത്ത് ചെയ്യുമ്പോൾ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ചെറുപ്പത്തിൽ തന്നെ ഞങ്ങൾ ജമാഅത്തിന്റേതാണെന്ന ചിന്ത കുട്ടികളിൽ ഉണ്ടാകുന്ന തരത്തിലായിരിക്കണം അവർക്ക് ശിക്ഷണം നല്കേണ്ടത്. (ഈ കാര്യം ഞാൻ നേരത്തെ വിവരിച്ചിട്ടുള്ളതാണ്) പഠനത്തിന്റെ ഓരോ ഘട്ടത്തിലും വഖ്ഫെ നൗ വിഭാഗത്തിൽ നിന്ന് മാർഗ്ഗ നിർദ്ദേശങ്ങൾ നേടേണ്ടതാണ്. അവർക്ക് ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. കുട്ടികൾ അവരുടെ പഠനത്തെക്കുറിച്ച് കേന്ദ്രത്തോട് ചോദിക്കണം. ഞങ്ങൾ ഇവിടംവരെ എത്തിയിട്ടുണ്ടെന്നും ഇനി എന്താണ് ചെയ്യേണ്ടതെന്നും അവർ കേന്ദ്രത്തോട് ചോദിക്കണം. അവർ തന്നിഷ്ടം ചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ, അതല്ലെങ്കിൽ ജമാഅത്തിന് ഇപ്പോൾ ആവശ്യമില്ലാത്ത വിഭാഗമാണ് പഠിക്കുന്നതെങ്കിൽ വഖ്ഫിൽ നിന്നും വിടുതൽ വാങ്ങുക.

വിദേശത്ത് താമസിക്കുന്ന പാകിസ്ഥാനിൽ നിന്നും വന്നിട്ടുള്ള പെൺകുട്ടികൾക്ക് ഉർദു സംസാരിക്കാൻ സാധിക്കും. അവർ ഉർദു വായിക്കാനും പഠിക്കുക. അതേപ്പോലെ അവർ നിൽക്കുന്ന നാട്ടിലെ പ്രാദേശിക ഭാഷയും പഠിക്കുക. ഇംഗ്ലീഷ്, ജർമ്മൻ മുതലായവ. ഇംഗ്ലീഷ് ഭരണ ഭാഷയായ സ്ഥലങ്ങളിൽ അതും അവിടുത്തെ പ്രാദേശിക ഭാഷയും പഠിക്കുക. അറബി പഠിക്കുക. എന്നിട്ട് തങ്ങളെ വിവർത്തനം ചെയ്യുന്നതിലേക്കായി സമർപ്പിക്കുക. സ്ത്രീകളിൽ ഭാഷാ പഠനത്തിന് കഴിവുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് അവർക്ക് അവരെ സമർപ്പിക്കാവുന്നതാണ്. ഡോക്ടർമാരായും, ടിച്ചർമാരായും തങ്ങളെ പെൺകുട്ടികൾക്ക് സമർപ്പിക്കാവുന്നതാണ്. ഇതേപ്പോലെ ആൺകുട്ടികൾക്കും ഈ രീതിയിൽ തങ്ങളെ സമർപ്പിക്കാവുന്നതാണ്. വഖ്ഫെ നൗ വകുപ്പിന് എല്ലാ ഘട്ടങ്ങളിലും കുട്ടികൾ ഏന്താണ് പഠിക്കുന്നത് എന്ന അറിവ് ഉണ്ടായിരിക്കണം.

ആൺകുട്ടികളെയും പെൺകുട്ടികളെയും ശിക്ഷണത്തിനും മാർഗ്ഗദർശനത്തിനുമായി പ്രാദേശിക ജമാഅത്ത് വർഷത്തിൽ രണ്ട് പ്രവശ്യമെങ്കിലും ഇവരുടെ ഫോറം സംഘടിപ്പിക്കേണ്ടതാണ്. അതിൽ പ്രവർത്തനങ്ങളെക്കുറിച്ചും പഠനത്തെക്കുറിച്ചും അവർക്ക് വേണ്ട അറിവ് നൽകേണ്ടതാണ്.

വഖ്ഫെ നൗ ഓഫീസിന്റെ ഒരു പരാതി ഇതാണ്. ചില മാതാപിതാക്കൾ വഖ്ഫ് ചെയ്ത് അവർക്ക് വഖ്ഫിന്റെ നമ്പർ കിട്ടിക്കഴിഞ്ഞാൽ പ്രാദേശിക ജമാഅത്തിനോടും കേന്ദ്രത്തിനോടും ബന്ധമില്ലാത്ത ഒരവസ്ഥയിലാകുന്നു. ഇവരുമായി ബന്ധപ്പെടേണ്ട രീതിയിൽ ബന്ധം നിലനിന്നിരുന്നില്ല. എട്ട് പത്ത് വർഷമായി അവർ ഇതുവരെ ബന്ധപ്പെട്ടിട്ടില്ല, അതുകൊണ്ട് അവരെ ലിസ്റ്റിൽ നിന്ന് നീക്കണം എന്ന് പറയുമ്പോൾ പരാതിപ്പെടാൻ തുടങ്ങുന്നു. അതുകൊണ്ട് വഖ്ഫെ നൗ നമ്പർ കിട്ടിക്കഴിഞ്ഞാൽ ഇനി ബന്ധപ്പെടേണ്ട എന്നല്ല. സ്ഥിരമായി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. നാഷനൽ സിക്രട്ടറി വിഭാഗവുമായും കേന്ദ്രവുമായും ബന്ധപ്പെടേണ്ടത് നിർബന്ധമാണ്.

വഖ്ഫെ നൗ കുട്ടികൾക്കായി സിലബസ് തയ്യാറാക്കിയിട്ടുണ്ട്. ആദ്യം അതിൽ അടിസ്ഥാനപരമായ ചില കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ 21 വയസ്സ് വരെയുള്ള കുട്ടികൾക്കുള്ള സിലബസ് തയ്യാറായിട്ടുണ്ട്. ഇത് പഠിക്കേണ്ടതാണ്. ഇതിന്റെ പരീക്ഷയും മറ്റും നടക്കുന്നുണ്ടെങ്കിൽ അതിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കണം. ഇതിനു മുകളിലുള്ള കുട്ടികൾ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനം, ഉർദു അറിയുന്നവർ ഉർദുവിലും ഇംഗ്ലീഷ് അറിയുന്നവർ ഇംഗ്ലീഷിലും വായിക്കുക. ഇംഗ്ലീഷിൽ 5 വാള്യം കമാന്ററി വായിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നിങ്ങൾക്ക് ഏത് ഭാഷയാണ് അറിയുന്നത് അത് വായിക്കുക. ഖുത്വുബകളും പ്രഭാഷണങ്ങളും സ്ഥിരമായി കേൾക്കുക. അങ്ങനെ നിങ്ങളുടെ അറിവ് വർദ്ധിപ്പിച്ചുകൊണ്ട് പോകുക. ഇതും അവർക്ക് അത്യാവശ്യമാണ്. ഇതിന്റെ റിപ്പോർട്ടും അയക്കുക.

വഖ്ഫെ നൗ സിക്രട്ടറിമാർ ചില സ്ഥലങ്ങളിൽ കർമ്മനിരതരല്ല. ഒരു സ്ഥാനം കിട്ടി അതും പിടിച്ചിരിക്കുകയാണ്. അവരും കർമ്മനിരതരാകേണ്ടതാണ്. ഈ വർഷം തിരഞ്ഞെടുപ്പ് നടക്കുകയാണ്. ഏതെല്ലാം സിക്രട്ടറി വഖ്ഫെ നൗ പ്രവർത്തിക്കുന്നില്ല എന്ന റിപ്പോർട്ട് ജമാഅത്തുകളിൽ നിന്നും വരേണ്ടതാണ്. അവർ പ്രവർത്തിക്കുന്നവരല്ലെങ്കിൽ അവർക്ക് വോട്ട് കൂടുതൽ കിട്ടിയിട്ടുണ്ടെങ്കിൽ തന്നെയും അവരെ ഇപ്രാവശ്യം നിയമിക്കുന്നതല്ല.

ജമാഅത്തിനും ഒരു സിലബസ് ഉണ്ട്. വേറിട്ടുള്ള സംവിധാനം നടക്കാത്ത സ്ഥലങ്ങളിൽ ജമാഅത്തിനുള്ള ആ സിലബസിൽ തന്നെ വഖ്ഫെ നൗ കുട്ടികളെയും ഉൾപ്പെടുത്തുക. ചെറിയ വ്യത്യാസമേ ഉള്ളൂ. പരസ്പരം യോജിച്ചുകൊണ്ട് പ്രവർത്തിച്ചാൽ അത്ഫാലുകൾക്ക് അവരുടെ സിലബസ് പഠിക്കാം. ഖുദ്ദാമിന്റെ പ്രായമുള്ളവർക്ക് അത് പഠിക്കാം. ലജ്നകൾക്ക് അവരുടെ സിലബസ് പഠിക്കാവുന്നതാണ്. അതല്ലെങ്കിൽ സിലബസ് പരസ്പരം സംയോജിപ്പിക്കാനും സാധിക്കും. ജമാഅത്തിന്റെ സംവിധാനത്തിൽ നിന്നുകൊണ്ട് തർബ്ബിയ്യത്ത് സിക്ര

ട്ടറി, തബ്‌ലീഗ് സിക്രട്ടറി, വഖ്ഫെ നൗ സിക്രട്ടറി എന്നിവരെ ഒന്നിപ്പിച്ചുകൊണ്ട് ഇന്ന സിലബസ് പഠിപ്പിക്കണം എന്ന പ്രോഗ്രാം ഉണ്ടാക്കേണ്ടത് അമീർമാരും പ്രസിഡന്റ്മാരുമാണ്. ഇതിൽ വഖ്ഫെ നൗ കുട്ടികളെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

വഖ്ഫെ നൗവിന്റെ പാഠ്യപദ്ധതി വിവിധ നാട്ടിലുള്ളവർക്ക് അവരുടെ ഭാഷകളിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. സ്വീഡൻ അവരുടെ ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രഞ്ചിൽ പ്രസിദ്ധീകരിക്കുന്നതിനായി ഫ്രാൻസും മൊറീഷ്യസിലുള്ളവരും പരിശ്രമിക്കുക. വെറും പരിശ്രമിക്കുമെന്ന് പറഞ്ഞാൽ പോരാ. ആരാണ് ഇതിന്റെ തർജ്ജമ ചെയ്യുക എന്നെന്നെ ഉടനെ അറിയിക്കുക. രണ്ട് മാസത്തിനകം ഈ തർജ്ജുമ നടന്നിരിക്കണം.

വഖ്ഫെ നൗ കുട്ടികൾ നിത്യവും ഏതെങ്കിലും ഒരു മത പുസ്തകം വായിക്കുന്ന ശീലമുള്ളവരായിരിക്കണം. നിത്യവും ഒന്നോ രണ്ടോ പേജുകൾ വായിച്ചാലും മതി. ഞാൻ പറഞ്ഞതുപ്പോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പുസ്തകം വായിക്കുകയാണെങ്കിൽ അതാണ് ഏറ്റവും ഉത്തമം. ഇതേപ്പോലെ നൂറു ശതമാനം വഖ്ഫെ നൗ കുട്ടികളും എന്റെ ഖുത്വുബകൾ കേട്ടിരിക്കേണ്ടതാണ്. അതിനായി പരിശ്രമിക്കുക. ഇവിടെ യു.കെ.യിൽ ഒരിക്കൽ ഞാൻ ക്ലാസിൽ പരിശോധിച്ചപ്പോൾ പത്ത് ശതമാനം പേരെയാണ് സ്ഥിരമായി ഖുത്വുബ കേൾക്കുന്നവരായി കാണാൻ കഴിഞ്ഞത്. ഈ വിഭാഗത്തിനും മാതാപിതാക്കൾക്കും ഈ കാര്യത്തിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കണം. അതേപ്പോലെ വഖ്ഫെ നൗ കുട്ടികളും ഇതിൽ ശ്രദ്ധിക്കേണ്ടതാണ്. വഖ്ഫെ നൗ കുട്ടികൾക്കുള്ള പ്രോഗ്രാമുകൾ ഉണ്ടാകു മ്പോൾ പരസ്പരം ആശയസംവാദം നടത്തുന്ന രീതിയിലാണ് പ്രോഗ്രാമുകളാണ് സംഘാടകർ ഉണ്ടാക്കേണ്ടത്. അപ്പോഴാണ് കുടുതൽ ശ്രദ്ധയുണ്ടാകുക.

ഇതേപ്പോലെ ഓരോ നാട്ടിലും ജമാഅത്ത് സംവിധാനം ഒരു കമ്മറ്റി രൂപീകരിക്കുക. ആ നാടുകളിൽ അടുത്ത പത്തു വർഷത്തേക്ക് അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നുള്ള റിപ്പോർട്ട് മൂന്ന് മാസം കൊണ്ട് ഉണ്ടാക്കുക. അവർക്ക് എത്ര മുബല്ലിഗ്മാരെ വേണം. ഏതെല്ലാം ഭാഷകളിൽ തർജ്ജുമ ചെയ്യാൻ എത്രപേർ വേണം? എത്ര ഡോക്ടരും  ടീച്ചരും വേണം. എവിടെയെല്ലാമാണ് ആവശ്യം. ഇതേപ്പോലെ ഏതെല്ലാം ഫീൽഡിൽ നല്ല വൈഭവമുള്ളവർ വേണം. പ്രാദേശിക ഭാഷയിൽ നല്ല പരിജ്ഞാനമുള്ളവർ എത്രവേണം. ഇതെല്ലാം പരിശോധിച്ച് മൂന്ന് നാല് മാസത്തിനകം ഈ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. വഖ്ഫെ നൗ വിഭാഗം ഇതിനെ സ്ഥിരമായി ഫോളോഅപ്പ് ചെയ്യേണ്ടതാണ്.

ചിലർ ബിസിനസ്സിൽ പോകാൻ ആഗ്രഹിക്കുന്നു. ചിലർ പോലീസിലും സൈന്യത്തിലും പോകാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ളവർക്ക് പോകാവുന്നതാണ്. എന്നാൽ വഖ്ഫിൽ നിന്നും വിടുതൽ വാങ്ങിയിരിക്കണം. ഞങ്ങൾ പോകുന്നുണ്ടെന്ന്  അറിയിക്കണം.

ഇതേപ്പോലെ ഓരോ നാട്ടിലും വഖ്ഫെ നൗ കുട്ടികൾക്കായി കരിയർ ഗൈഡൻസ് ഉണ്ടായിരിക്കണം. അവർ കാര്യങ്ങൾ പരിശോധിക്കുകയും വിവിധ മേഖലകളിൽ പോകുന്നവരുടെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചുകൊണ്ടിരിക്കുകയും വേണം. വിവിധ മേഖലകളിൽ പോകാൻ താത്പര്യമുള്ളവരെക്കുറിച്ച് അറിയിക്കുകയും അവർക്ക് അനുവാദം ഇപ്പോൾ നൽകേണ്ടതുണ്ടോ എന്ന് കേന്ദ്രത്തിന് തീരുമാനമെടുക്കാനും സാധിക്കുന്നതാണ്.

18 വയസ്സായ വഖ്ഫെ നൗ കുട്ടികൾ തങ്ങളുടെ വഖ്ഫെ നൗ പ്രതിജ്ഞയെ പുതുക്കേണ്ടതാണ്. അത് മറക്കാൻ പാടില്ല. ബോണ്ട് എഴുതി അറിയിക്കേണ്ടതാണ്. ഇതേപ്പോലെ വഖ്ഫെ നൗ ആൺകുട്ടികൾക്കായി ഇസ്മാഈൽ എന്ന മാഗസിനും പെൺകുട്ടികൾക്കായി മറിയം എന്ന മാഗസിനും തുടങ്ങിയിട്ടുണ്ട്. ഇതും ജർമ്മനിയിലും ഫ്രഞ്ചിലും തർജ്ജുമ ചെയ്യേണ്ടതാണ്. അവിടെയുള്ള വഖ്ഫെ നൗ കുട്ടികൾ ഇതിലേക്കുള്ള ലേഖനങ്ങൾ എഴുതുകയാണെങ്കിൽ അത് പ്രസിദ്ധീകരിക്കുക. അല്ലെങ്കിൽ ഇവിടെ നിന്ന് ലേഖനങ്ങൾ ലഭിക്കുന്നതാണ്. അത് നിങ്ങളുടെ ഭാഷകളിലും പ്രസിദ്ധീകരിക്കുക. ഉർദുവിനോടൊപ്പം പ്രാദേശിക ഭാഷയും ഉണ്ടായിരിക്കേണ്ടതാണ്.

തങ്ങളുടെ മക്കളെ വഖ്ഫെ നൗ പദ്ധതിയിലേക്ക് സമർപ്പിച്ച എല്ലാ മാതാപിതാക്കളും അവരുടെ കുട്ടികളെ യഥാർത്ഥ അർത്ഥത്തിൽ വഖ്ഫെ നൗ ആക്കിത്തീർക്കുന്ന രീതിയിൽ അവർക്ക് തർബിയ്യത്ത് നൽകാനും അവർക്കായി ദുആ ചെയ്യാനും അല്ലാഹു കഴിവ് നൽകുമാറാകട്ടെ. ഈ കുട്ടികൾ മാതാപിതാക്കളുടെ കൺകുളിർമ്മയ്ക്ക് കാരണമായിത്തീരട്ടെ. തങ്ങളുടെ മാതാപിതാക്കളുടെയും തങ്ങളുടെയും പ്രതിജ്ഞ പൂർത്തിയാക്കുന്നതിലേക്ക് കുട്ടികൾക്ക് ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ. ദീനിനെ പ്രചരിപ്പിക്കുക എന്ന ഒരേയൊരു ലക്ഷ്യം വെച്ചുകൊണ്ട് മുന്നേറുന്ന ആ സംഘത്തിൽ ഇവർ ഉൾപ്പെടുമാറാകട്ടെ. അല്ലാഹു ഇവർക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 January 18 at : Baitul Futuh London
Translation: M.Nasar Ahmad - 09497343704

Typing: Nasarudheet.A.T & Tahir Ahmad
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**